LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

ഏഴാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

1986 ജൂൺ 26, വ്യാഴം

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 1986 ജൂൺ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

സാമൂഹ്യ വനവൽക്കരണം

67 * [67] ശ്രീ. വി. ജെ. തങ്കപ്പൻ:

,, കെ. കെ. തോമസ്:

,, കെ. എസ്. നാരായണൻ നമ്പൂതിരി:

,, കെ. സി. ജോസഫ്:

,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പരിപാടി നടപ്പിലാക്കുന്നതിന് 25.5.1982-നുശേഷം ചെലവാക്കിയ തുക എത്ര;

(ബി) സാമൂഹ്യ വനവൽക്കരണ പരിപാടി അനുസരിച്ച് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന പദ്ധതിക്ക് എത്ര കോടി രൂപ വിദേശ സഹായമായി ലഭിച്ചു;

(സി) ഇങ്ങനെ ലഭിക്കുന്ന പണം കടമായിട്ടാണോ സഹായമായിട്ടാണോ ലഭിച്ചു വരുന്നത്;

(ഡി) വായ്പയായിട്ടാണെങ്കിൽ അതിന് കൊടുക്കേണ്ട പലിശ എത്ര;

(ഇ) പലിശയും, മുതലും, തിരിച്ചടയ്ക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഇതിന് കേന്ദ്ര ഗവൺമെൻറ് പ്രത്യേക ധനസഹായം നൽകുന്നുണ്ടോ;

(ജി) സാമൂഹ്യ വനവൽക്കരണ പരിപാടിക്ക് ലോകബാങ്കിൽ നിന്നും ലഭിച്ച സംഖ്യ എത്ര;

(എച്ച്) സാമൂഹ്യ വനവൽക്കരണ പരിപാടിക്കായി ഇക്കൊല്ലം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ സംഖ്യ എത്ര?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ:)

(എ) സാമൂഹ്യ വനവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിന് 1982-83 മുതൽ ഇതുവരെ 1954.787 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) 3.35 കോടി രൂപ ലോകബാങ്ക് പദ്ധതിയനുസരിച്ച് സഹായമായി ലഭിച്ചു.

(സി) ലോകബാങ്ക് പദ്ധതിയനുസരിച്ചുള്ള സഹായം ലഭിക്കുന്നത് കേന്ദ്ര സർക്കാരിനാണ്. പ്രസ്തുത സഹായം കടമായിട്ടാണ് ലഭിക്കുന്നത്. കേന്ദ്ര സർക്കാർ കേരളത്തിന് നൽകുന്നത് പദ്ധതി വിഹിതമായിട്ടാണ്.

(ഡി) ലോകബാങ്കിൽനിന്നും കിട്ടുന്ന തുകയ്ക്ക് സംസ്ഥാന ഗവൺമെൻറ് പലിശ കൊടുക്കേണ്ടതില്ല. വാങ്ങുന്ന തുകയ്ക്ക് മുക്കാൽ ശതമാനം സർവ്വീസ് ചാർജ്ജ് അനുവദിച്ചിട്ടുള്ള തുകയിൽ വാങ്ങാതെ ബാക്കി വരുന്ന തുകയ്ക്ക് അരശതമാനം കമ്മിറ്റ്മെൻറ് ചാർജ്ജ് കേന്ദ്രസർക്കാർ ലോകബാങ്കിന് നൽകണം.

(ഇ) ലോകബാങ്കിൽനിന്നും കിട്ടുന്ന തുക തിരിച്ചടയ്ക്കേണ്ടത് കേന്ദ്ര ഗവൺമെൻറാണ്. കടം വാങ്ങുന്ന തുക 1994 ആഗസ്റ്റ് 15 മുതൽ 2034 ഫെബ്രുവരി 15 വരെയുള്ള കാലയളവിൽ അർദ്ധവാർഷിക തവണകളായി എല്ലാ ആഗസ്റ്റ് 15-നും ഫെബ്രുവരി 15-നും തിരിച്ചടയ്ക്കണം. ആദ്യത്തെ പത്തുവർഷം അരശതമാനം കണക്കിനും അതിനുശേഷം ഒന്നര ശതമാനം കണക്കിനും ഗഡുക്കൾ അടയ്ക്കണം. സർവ്വീസ് ചാർജ്ജും കമ്മിറ്റ്മെൻറ് ചാർജ്ജും ഇതേ ഗഡുക്കളിൽ തന്നെ അടയ്ക്കണം. സംസ്ഥാന സർക്കാരിന് പദ്ധതി വിഹിതമായിട്ടാണ് ഈ തുക കിട്ടുന്നത്. വനം വകുപ്പും ഈ പദ്ധതിയുടെ പ്രയോജനം കിട്ടുന്ന വ്യക്തികളും പണം തിരിച്ചടയ്ക്കേണ്ടതില്ല.

(എഫ്) ലോകബാങ്കിൽനിന്നു കിട്ടുന്ന തുകയുടെ 70 ശതമാനം കേന്ദ്രഗവൺമെൻറ് കേരളാ ഗവൺമെൻറിന് കൂടുതൽ പദ്ധതി വിഹിതമായി നൽകുന്നു.

(ജി) 3.35 കോടി രൂപ ലോകബാങ്കിൽ നിന്നും കേന്ദ്രഗവൺമെൻറ് മുഖേന ഇതിനകം കിട്ടിയിട്ടുണ്ട്.

(എച്ച്) സംസ്ഥാന ബഡ്ജറ്റിൽ നടപ്പു വർഷത്തേക്ക് 9.64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ: റിസർവ് വനങ്ങളിൽ മരത്തൈകൾ വച്ചു പിടിപ്പിക്കുന്നതും സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമാണോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: നശിച്ചുപോയ വന പ്രദേശങ്ങൾ തിരഞ്ഞെടുത്ത് അവിടെ തൈകൾ വച്ചു പിടിപ്പിക്കുന്നത് സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: കഴിഞ്ഞ നാലു വർഷമായിട്ട് ഇത് നടപ്പിലാക്കുന്നു. ഓരോ വർഷവും സാമൂഹ്യ വനവൽക്കരണ പരിപാടിയുടെ ഭാഗമായി ബ്ലോക്കുകളും വഴിയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് വഴിയും വിതരണം ചെയ്തിട്ടുള്ള തൈകൾ എത്രത്തോളം ഇന്ന് നിലനിൽക്കുന്നു എന്നു പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ? പരിശോധിച്ചിട്ടില്ലെങ്കിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ചില പരിശോധനകളെല്ലാം നടന്നിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരും കേരളത്തിലെ വനംവകുപ്പിലെ ഉദ്യോഗസ്ഥൻമാരും പ്രത്യേകമായ പരിശോധന നടത്തുന്നുണ്ട്. അതിനു പുറമേ ലോകബാങ്ക് സഹായ പദ്ധതിയനുസരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ ലോകബാങ്കിലെ ഉദ്യോഗസ്ഥൻമാരും പ്രത്യേകമായി ഇടയ്ക്കിടെ വന്നു പരിശോധിക്കുന്നുണ്ട്. ഇതിനു പുറമേ ചില സ്വതന്ത്ര ഏജൻസികളെ ഏൽപ്പിച്ച് പരിശോധനകൾ നടത്താനുള്ള സംവിധാനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. കെ. കെ. തോമസ്: ലോകബാങ്കിന്റെ സഹായത്തോടെ എത്ര കോടി രൂപ വീതമാണ് ചെലവഴിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ എന്തു തുക ചെലവഴിച്ചു; 1985-86 വർഷത്തിൽ എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ലോകബാങ്ക് പദ്ധതിയനുസരിച്ച് വിവിധ ഇനങ്ങളിലാണ് ചെലവഴിക്കുന്നത്. ഇതുവരെ ചെലവഴിച്ചത് ഞാൻ നേരത്തെ ഇവിടെ പറഞ്ഞു. 703 ലക്ഷം രൂപയാണ് ചെലവഴിച്ചത്. ഇക്കൊല്ലം തുടക്കം മാത്രമേ ആയിട്ടുള്ളു. അതിൽ 35 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. അത് റഫായിട്ടുള്ള കണക്കാണ്.

ശ്രീ. കെ. കെ. തോമസ്: ഡിപ്പാർട്ടുമെന്റൽ നഴ്സറികളെ സംബന്ധിച്ചും തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ചും ആക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് ഈ നഴ്സറികൾ ഉണ്ടാക്കുന്നതിനും തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും സാമൂഹ്യസംഘടനകളെ ഏൽപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: നഴ്സറികൾ ഉണ്ടാക്കുന്നതിലും തൈകളുടെ ഉൽപ്പാദനത്തിലും മാറ്റു സ്ഥലങ്ങളിൽനിന്ന് വ്യത്യസ്തമായി നമ്മുടെ നാട്ടിലെ കർഷകർക്ക് വൻതോതിലുള്ള ചുമതല ഏറ്റെടുക്കാൻ പ്രയാസമാണ്. ഓരോ കൃഷിക്കാരുടെയും കൈയിൽ ഇതിനു വേണ്ടി മാറ്റി വയ്ക്കാൻ പാകത്തിലുള്ള ഭൂമി കുറവായിരിക്കും. ഏതായിരുന്നാലും ശരി അതു നടത്താൻ സന്നദ്ധതയുള്ള കൃഷിക്കാരെ ഈ കൊല്ലംമുതൽ നഴ്സറി ഉണ്ടാക്കുന്നതിന്റെ ചുമതലകൂടി ഏൽപ്പിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനേക്കാം ഉപരിയായി കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ആത്മാർത്ഥമായ സഹകരണം നൽകുന്ന സാമൂഹ്യ സംഘടനകളെ കൂടി നഴ്സറികൾ ഉണ്ടാക്കുന്നതിനും തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും പങ്കെടുപ്പിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. എസ്. നാരായണൻനമ്പൂതിരി: നാടിനും തൈകൾ വച്ചു പിടിപ്പിക്കുന്ന കൃഷിക്കാർക്കും ഭാവിയിൽ പ്രയോജനംചെയ്യുന്ന പ്ലാവ്

LIBRARY ARCHIVES Kerala Legislative Assembly

മാവ് തുടങ്ങിയ വൃക്ഷങ്ങളും ആവശ്യത്തിന് വിതരണം ചെയ്യുന്നില്ലെന്ന ആക്ഷേപമുണ്ട്. അത്തരം തൈകളും കൂടുതൽ വിതരണം ചെയ്യാനുള്ള നടപടികളും ഉണ്ടാകുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളും നമ്മുടെ നാട്ടിൽ ആവശ്യമായ ചൊുതോട്ടങ്ങളും ഉണ്ടാക്കുക, വിറക് ഉൽപ്പാദിപ്പിച്ച് സാധാരണക്കാർക്ക് ലഭ്യമാക്കുക, പച്ചിലവളം, കാലിതീറ്റ തുടങ്ങിയവ ഇഷ്ടംപോലെ കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കുക എന്നിവയാണ്. അതോടൊപ്പംതന്നെ സാമൂഹ്യവനവൽക്കരണത്തിന്റെ ഫലമായി പരിസ്ഥിതി സംരക്ഷിക്കുവാനും കഴിയണം. എന്നിരുന്നാൽപോലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ നിന്ന് ഫലവൃക്ഷതൈകളും കൂടുതലായി കിട്ടണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞകൊല്ലം 40 ലക്ഷം ഫലവൃക്ഷതൈകളും വിതരണം ചെയ്തിട്ടുണ്ട്. ഇക്കൊല്ലം അത് ഒരുകോടിയാക്കി. ഭാവിയിൽ ഈ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലവൃക്ഷതൈകളും ഉൽപ്പാദിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: ഇപ്പോൾ കോടിക്കണക്കിന് തൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു എന്നുപറയുന്നത് ശരിയല്ല. അത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ വൻതോതിൽ തട്ടിപ്പ് നടത്തുന്നു എന്നുള്ള വസ്തുത കണക്കിലെടുത്ത് ഈ കാര്യത്തിൽ അന്വേഷണം നടത്തുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: തൈകളുടെ ഉൽപ്പാദനത്തിലും വിതരണത്തിലും ആളുകളും ചില ആക്ഷേപങ്ങളെല്ലാം ഉയർത്തുന്നുണ്ട്. അതിൽ വലിയ കൃത്രിമം നടത്താൻ സാദ്ധ്യമല്ലാത്തവിധം സാമൂഹ്യസംഘടനകളുടെ നിയന്ത്രണം വർദ്ധിപ്പിച്ചു വരുന്നുണ്ട്. കഴിഞ്ഞകൊല്ലം സാമൂഹ്യസംഘടനകളുടെ നേതൃത്വത്തിലാണ് തൈകളും വിതരണം ചെയ്തത്. ഇക്കൊല്ലവും അങ്ങനെ തന്നെയാണ് ചെയ്യുന്നത്. വിതരണം ചെയ്യുന്ന തൈകളുടെ കണക്ക് കൃത്യമായിട്ട് സൂക്ഷിക്കണമെന്നു അവരോട് പറഞ്ഞിട്ടുണ്ട്. കളക്ടറുടെ നേതൃത്വത്തിലുള്ള സോഷ്യൽ ഫോറസ്ട്രി കമ്മിറ്റിയും ഈ കണക്കുകളെല്ലാം പരിശോധിച്ച് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കണമെന്നു പറഞ്ഞിട്ടുണ്ട്, അതുകൊണ്ട് ഗവൺമെന്റ് ഈ തട്ടിപ്പുകളും തടയാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: ഈ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്തുവരുന്ന തൈകളിൽ പലതും പ്രത്യേകിച്ച് യൂക്കാലിപ്റ്റസ് തൈകളും കേരളത്തിലെ കാലാവസ്ഥയ്ക്ക് പറ്റിയതല്ലെന്നു പറയുന്നുണ്ട്. കേരളത്തിലെ മണ്ണിന്റെ ഈർപ്പം നഷ്ടപ്പെടുന്നു എന്നുള്ള പരാതി ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ആ തൈകളും വിതരണംചെയ്യാതിരിക്കാനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: യൂക്കാലിപ്റ്റസിനെക്കുറിച്ച് ചില അഭിപ്രായങ്ങളെല്ലാം ഉയർന്നുവന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് ഞാൻ മറെറാരവസരത്തിൽ മറുപടിപറഞ്ഞു. ഇതിനെക്കുറിച്ച് ശാസ്ത്രജ്ഞൻമാർ തർക്കിച്ചുകൊണ്ടേ ഇരിക്കുകയാണ്. യൂക്കാലിപ്റ്റസ്സിൽ തന്നെ ഏതാണ്ട് 500 ഇനങ്ങളുണ്ടെന്നാണ് പറയുന്നത്. നമ്മൾ തിരഞ്ഞെടുത്തിട്ടുള്ളത് നമ്മുടെ മണ്ണിന് അനുയോജ്യമായിട്ടുള്ളവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അത് തേക്കടിക്കടുത്ത സ്ഥലങ്ങളിലും പുൽമേടുകളിലുമെല്ലാം വച്ചു പിടിപ്പിക്കുന്നുണ്ട്. അവിടെയൊന്നും വലിയ അപകടമില്ല. അത് 25 വർഷമായി തുടർന്നു വരികയാണ്. ഈ പരാതികളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ആകെ ഉൽപ്പാദിപ്പിക്കുന്ന തൈകളുടെ 4 ശതമാനം മാത്രമേ യൂക്കാലിപ്റ്റസ് തൈകൾ ഉൽപാദിപ്പിക്കുന്നുള്ളു. മറ്റു സംസ്ഥാനങ്ങളിൽ വളരെ കൂടുതൽ ശതമാനം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇത് വളരെ അപകടം പിടിച്ചതാണെന്ന് ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: സംസ്ഥാനത്തെ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും വിദ്യാർത്ഥികളുടെയും വിദ്യാർത്ഥിസംഘടനകളുടെയും സഹകരണത്തോടുകൂടി സാമൂഹ്യവനവൽക്കരണ പരിപാടി വിപുലമായി നടപ്പിലാക്കാൻ ഉള്ള പദ്ധതി ഗവൺമെന്റ് തയ്യാറാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വിദ്യാലയങ്ങളിലുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സോഷ്യൽ ഫോറസ്ട്രിക്ലബ്ബുകൾ ഉണ്ടാക്കണമെന്ന് നേരത്തെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനകം 150 ഓളം ക്ലബ്ബുകൾ രൂപം കൊണ്ടിട്ടുണ്ട്. ഇനിയും കൂടുതൽ ക്ലബ്ബുകൾ ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനൊരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നമ്മുടെ സാമൂഹ്യ വനവൽക്കരണപരിപാടിയുടെ ഭാഗമായി നാഷണൽ ഹൈവേകളിലായാലും എം. സി. റോഡിലായാലും പി. ഡബ്ലിയു. ഡി. റോഡുകളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുമ്പോൾ ടെലിഫോൺ കമ്പിയുടെ കീഴിലും ഇലക്ട്രിക് ലൈനിന്റെ കീഴിലും വച്ചുപിടിപ്പിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. ഇല്ലെങ്കിൽ ഏതാണ്ട് വളർച്ചയാകുന്ന സന്ദർഭത്തിൽ ബഹുഭൂരിപക്ഷം മരങ്ങളും മുറിച്ചു തള്ളേണ്ട സ്ഥിതിയുണ്ടാകും. അതൊഴിവാക്കാൻ ഇത്തരം കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: റോഡ്സൈഡിൽ കമ്പിക്ക് വലിയ അപകടം വരാത്തവിധം കൂടുതൽ ഉയരാത്ത തൈകൾ നോക്കി വയ്ക്കണമെന്നായിരുന്നു ആദ്യത്തെ നിർദ്ദേശം. ചില സ്ഥലങ്ങളിൽ അങ്ങനെ വച്ചിട്ടുണ്ട്. റോഡിന്റെ അലൈൻമെന്റ് മാറുന്നതനുസരിച്ച് ചില സ്ഥലങ്ങളിൽ അത് മാറ്റാനും അതുപോലെ കമ്പിമാറ്റി സ്ഥാപിക്കാനും കഴിയുന്നുണ്ട്. ചില സ്ഥലങ്ങളിൽ ഇങ്ങനെ ഒറ്റപ്പെട്ട പ്രശ്നങ്ങളുണ്ട്. എന്നിരുന്നാലും കൂടുതൽ ഉയരാത്ത മരങ്ങൾവേണം ഇത്തരം സ്ഥലങ്ങളിൽ വയ്ക്കാൻ എന്ന പൊതുവായ ഒരു നിർദ്ദേശമുണ്ട്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട കെ. എസ്. നാരായണൻ നമ്പൂതിരി പറഞ്ഞതുപോലെ മാവ്, പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളും തേക്ക് തുടങ്ങിയ മരങ്ങളും ഉൾപ്പെടെ ഒരു വലിയ ഡെമോൺസ്ട്രേറ്റിംഗ് പ്ലാന്റ് ജില്ലകൾതോറും വിപുലമായ രീതിയിൽ സംഘടിപ്പിച്ചാൽ കുറച്ചുകൂടി ഫലപ്രദമാകുമെന്ന നിർദ്ദേശത്തെപ്പറ്റി ഗവൺമെന്റിന്റെ അഭിപ്രായമെന്താണ് ?

ശ്രീ. കെ. പി. നൂറുദ്ദീൻ: തേക്ക് തുടങ്ങിയ തൈകൾ ഇപ്പോഴും തന്നെ വിതരണം ചെയ്യുന്നുണ്ട്. ഇനി ഈ പ്രത്യേക പ്ലോട്ടുകൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: വനവൽക്കരണപരിപാടിക്ക് പല രൂപത്തിൽ ധാരാളം രൂപ ചെലവഴിക്കാനുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇതിൽ ധാരാളം അഴിമതികളും നടക്കുന്നുണ്ടെന്നും ഭരണപക്ഷത്തുള്ള ഒരംഗംതന്നെ ചൂണ്ടിക്കാണിച്ചു. ഡി.ആർ.ഡി.എ. യിൽ ആലോചിച്ച് പ്രൊപ്പോസ് ചെയ്യുന്നതനുസരിച്ചാണ് ഇത് നടപ്പിലാക്കേണ്ടതെന്നാണ് ഡി.ആർ.ഡി.എ. കാർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ ഡി.ആർ.ഡി.എ. യുടെ നിർദ്ദേശത്തെ ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർ മറികടക്കുന്നു എന്നുള്ള പരാതി വന്നിട്ടുണ്ട്. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: രണ്ടു വിധത്തിലുള്ള പദ്ധതികളാണുള്ളത്. ലോകബാങ്കിന്റെ പദ്ധതിയാണെങ്കിൽ ഡി.ആർ.ഡി.എ. യിൽ വരികയില്ല. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി നടത്തുന്ന എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., ഗ്രാമീണതോട്ടംനിർമ്മാണപദ്ധതി തുടങ്ങിയവ ഡി.ആർ.ഡി.എ. വഴി നടപ്പിലാക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. എവിടെയെങ്കിലും ഡി.ആർ.ഡി.എ. യെ മറികടന്നുകൊണ്ടു ചെയ്യുന്നുണ്ടെങ്കിൽ പ്രത്യേകം പരിശോധിക്കാം.

ശ്രീ. വി. സുരേന്ദ്രൻപിള്ള: നമ്മുടെ നാട്ടിൽ സോഫ്റ്റ്വുഡ് ഇല്ലാത്തതുകൊണ്ട് പല ഫാക്ടറികളും പ്രവർത്തിക്കാത്ത സ്ഥിതിയുണ്ട്. സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ സോഫ്റ്റ്വുഡ് തൈകളും കൂടുതലായി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടിക്രമം ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വ്യവസായസ്ഥാപനങ്ങൾക്കാവശ്യമായ പദാർത്ഥങ്ങളുൽപ്പാദിപ്പിക്കാൻ ഈ പദ്ധതിയിൽ വ്യവസ്ഥയില്ല. ഈ പദ്ധതിയിലുൽപ്പാദിപ്പിക്കപ്പെടുന്ന ഏതെങ്കിലും ഇനം അതിന് പ്രയോജനപ്പെടുമെങ്കിൽ അത് ഉപയോഗപ്പെടുത്തുന്നതിനും എതിർപ്പില്ല. പക്ഷേ അതിനുവേണ്ടി പ്രത്യേകമായിട്ടുള്ള ഒരു പദ്ധതി ഉണ്ടാക്കാൻ കഴിയുമോ എന്നത് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു ചോദ്യത്തിനുത്തരം പറയുകയുണ്ടായി. വിതരണം ചെയ്യപ്പെട്ട തൈകൾ എത്രയെണ്ണം നിലനിൽക്കുന്നുണ്ടെന്ന് അറിയുന്നതിനുവേണ്ടി ഏജൻസികൾമൂലം പരിശോധിക്കുന്നതാണെന്ന്. 1982-നുശേഷം വിതരണം ചെയ്യപ്പെട്ട തൈകൾ എത്ര ശതമാനം നിലനിൽക്കുന്നു എന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തേ പറഞ്ഞു. രണ്ടു വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ, സാമ്പിൾ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ തൈകൾ വയ്ക്കുന്നതിൽ ഏതാണ്ട് 70 ശതമാനത്തിനുമുകളിൽ അവശേഷിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന തൈകൾ അതിജീവിക്കുന്ന ശതമാനം കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയില്ല. കാരണം പൊതുജനങ്ങളുടെ പറമ്പുകളിലാണ് വയ്ക്കുന്നത്. ഏതായാലും ഇക്കൊല്ലം 12,000-ൽപ്പരം സ്ഥലം തിരഞ്ഞെടുത്ത് ഒരു സാമ്പിൾ പരിശോധന അവിടേയും

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന തൈകളിൽ 50 ശതമാനത്തോളം അതിജീവിക്കുന്നുണ്ടെന്നാണ് കാണാൻ കഴിയുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: വനവൽക്കരണ പരിപാടിയുടെ ഭാഗമായിട്ട്, നേഴ്സറികളും പല ഭാഗത്തും ആരംഭിച്ചിട്ടുണ്ട്. അത് പല ഡിപ്പാർട്ടുമെന്റുകളും വഴിയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് വനവൽക്കരണപരിപാടിയുടെ ഭാഗമായിട്ട് നടത്തുന്നുണ്ട്. എൻ. ആർ. ഇ. പി. നടത്തുന്നുണ്ട്. ഇതിന് പ്രത്യേകം പ്രത്യേകം ബോർഡ് വയ്ക്കാത്തതുകൊണ്ട് ഏത് ഡിപ്പാർട്ടുമെന്റാണ് ചെയ്തിട്ടുള്ളതെന്ന് വെരിഫൈ ചെയ്യാൻകഴിയാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. ഞങ്ങളും ഈയിടെ ചില കേന്ദ്രങ്ങളും സന്ദർശിച്ചപ്പോൾ ഒന്നു എത്തും പിടിയും കിട്ടുന്നില്ല, അതുകൊണ്ട് പ്രത്യേകം ബോർഡ് വയ്ക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വികസന ബ്ലോക്കുകൾവഴിയും ഈ എൻ. ആർ. ഇ. പി. പ്രവർത്തനം നടക്കുന്നുണ്ട്. എന്നായാലും സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റ് നടത്തുന്ന ചില പ്രത്യേക സ്ഥലങ്ങളിലെല്ലാം ബോർഡുകൾ വയ്ക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങൾ കണ്ടുപിടിക്കാൻ പാകത്തിലുള്ള സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ഇ. കെ. നായനാർ: വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഇറക്കുമതിചെയ്ത് വിതരണം ചെയ്യുന്ന സസ്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. യൂക്കാലിപ്റ്റസിനെപ്പറ്റിയും പറഞ്ഞു. മറ്റു ചില സസ്യങ്ങളും ഇവിടെ വച്ചുപിടിപ്പിക്കുന്നുണ്ട്. മന്ത്രിക്ക് അതിനെപ്പറ്റി അറിയാമോ എന്നെനിക്കറിയില്ല. വയനാട്ടിൽ ഈ പദ്ധതിയനുസരിച്ച് വച്ചുപിടിപ്പിക്കുന്ന ലാറിന് അമേരിക്കയിൽനിന്നും കൊണ്ടുവന്നിട്ടുള്ള ഒരു പ്രത്യേകതരം ചെടി മറ്റു ചെടികളെ മുഴുവൻ നശിപ്പിക്കുന്നുണ്ട്. അതിന്റെ ഇല മറ്റു ചെടികളെ തിന്നുന്നതാണ്. മന്ത്രിക്ക് അതിനെപ്പറ്റി വല്ല വിവരവുമുണ്ടോ? അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ? അത്തരം ചെടിയുടെ പേര് പറയാമോ? എനിക്ക് ചിലത് അറിയാം. അതുകൊണ്ട് ഞാനത് പറയുന്നില്ല. അത് നിറുത്തലാക്കാൻ വല്ല സ്കീമുമുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ വാർത്ത ഞാനും പത്രത്തിൽ വായിച്ചു. പക്ഷേ അതിന് യാഥാർത്ഥ്യവുമായിട്ട്, വലിയ ബന്ധമൊന്നുമില്ല. നമ്മുടെ നാട്ടിലെ കൃഷിക്കാർ കൂടുതൽ കൂടുതലായി ഈ തൈകൾ ആവശ്യപ്പെടുകയാണ്. എന്നായാലും അമേരിക്കയിൽനിന്നും കൊണ്ടുവന്ന് നമ്മുടെ നാടിനെ നശിപ്പിക്കുന്നതിന് ഗവൺമെന്റ് ഒരിക്കലും കൂട്ടുനിൽക്കുന്നതല്ല. ഇതുവരെ ഇവിടെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത തൈകൾ ഈ രാജ്യത്ത് യാതൊരപകടവും ഉണ്ടാക്കുന്നതല്ല.

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചതിന്റെ ബാക്കിയാണ് ഞാൻ ചോദിക്കാൻ പോകുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ യൂക്കാലിപ്റ്റസ് 500-രൂപ്പുരം ഇനങ്ങൾ ഉണ്ടെന്നുപറഞ്ഞു. വളരെയേറെ വിവാദപരമായ ലേഖനങ്ങൾ യൂക്കാലിപ്റ്റസ് മരങ്ങളെ സംബന്ധിച്ച് വന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലക്ക് വളരെ ഫലപ്രയിഷ്ഠമായ കേരളത്തിൽ ആ മരങ്ങളം നട്ടുപിടിപ്പിക്കരുത്. നമ്മുടെ നാട്ടിലെ മണ്ണിന്റെ ഗുണം നശിക്കാൻ ഇടവന്നേക്കുമെന്നുള്ളതുകൊണ്ട് അതൊഴിവാക്കാനുള്ള നടപടികളല്ലേ ഗവൺമെന്റ് എടുക്കേണ്ടത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതൊരു വലിയ വിവാദപരമായ വിഷയമാണ്. കഴിഞ്ഞകൊല്ലം തൃശ്ശൂരിൽ നമ്മുടെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപുലമായ തോതിലുള്ള ഒരു സെമിനാർ നടന്നു. ആ സെമിനാറിൽ ഇന്ത്യയിലെ മിക്കവാറും ശാസ്ത്രജ്ഞൻമാർ പങ്കെടുത്തിരുന്നു. ആ സെമിനാറിന്റെ ചർച്ചയിൽ നമ്മം വിതരണം ചെയ്യുന്ന തൈകളം അപകടകരമാണെന്ന് ആധികാരികമായിട്ട് ആരും പറഞ്ഞതായിട്ട് അറിയില്ല. വേറൊരു കാര്യംകൂടിയുണ്ട്. നമ്മളിപ്പോം 20 ഇനം തൈകളാണ് വിതരണം ചെയ്യുന്നത്. ഈ തൈകളെല്ലാം സെലക്ട് ചെയ്തത് വനംവകുപ്പിലേയും കൃഷിവകുപ്പിലേയും ഗവേഷണകേന്ദ്രങ്ങളിലേയും കാർഷിക സർവ്വകലാശാലകളിലേയും വിദഗ്ദ്ധൻമാർ ചേർന്നാണ്. അവർ കേരളത്തിലെ മണ്ണ്, ഇവിടത്തെ പ്രത്യേകത, ഇവിടത്തെ കാലാവസ്ഥ, വെള്ളപ്രശ്നം തുടങ്ങിയവയെല്ലാം പരിശോധിച്ചതിനുശേഷമാണ് ഈ 20 ഇനവും തെരഞ്ഞെടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോം വിതരണം ചെയ്യുന്നത്. ചില ആളുകം ചില ഇനങ്ങളെക്കുറിച്ച് ആക്ഷേപം പറഞ്ഞതിനെത്തുടർന്ന് അവരുടെ നിർദ്ദേശം വീണ്ടും ഈ കമ്മിറ്റി ഒന്നുകൂടി പരിശോധിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിക്ക് അസംസ്കൃതസാധനങ്ങം പ്രത്യേകിച്ചും യൂക്കാലിപ്റ്റസ് മരങ്ങളിൽ നിന്ന് കൊടുക്കാനാണ് ഗവൺമെന്റ് മുമ്പ് തീരുമാനിച്ചിരുന്നത്. ഇന്നിപ്പോം യൂക്കാലിപ്റ്റസ് തീരെ വേണ്ടെന്നുവച്ചു എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ആ നിലയിൽ ആ ഫാക്ടറിക്ക്, പ്രത്യേകിച്ച് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഒരു വലിയ ഫാക്ടറിക്ക് അസംസ്കൃതസാധനങ്ങം കിട്ടാൻ വളരെയധികം ബുദ്ധിമുട്ടുള്ളതുകൊണ്ട് എന്ത് ആംട്ടർനേറ്റീവാണ് ഗവൺമെന്റിന്റെ കയ്യിലുള്ളത്? ആ ആംട്ടർനേറ്റീവിന്റെ അടിസ്ഥാനത്തിൽ ആ ന്യൂസ്പ്രിന്റ് ഫാക്ടറിക്ക് കൊടുക്കുവാനുള്ള റോ മെറ്റീരിയൽസ് കൊടുക്കുമെന്ന് ഉറപ്പ് വരുത്തുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ ഇവിടെ വിവരിച്ച കാര്യങ്ങളെല്ലാം നമ്മുടെ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായിട്ടുള്ളതാണ്. ഹിന്ദുസ്ഥാൻ കമ്പനിക്ക് റോ മെറ്റീരിയൽസ് കൊടുക്കാമെന്ന് പറഞ്ഞത് ഈ പദ്ധതിയുടെ ഭാഗമായിട്ടല്ല. അത് ഗവൺമെന്റ് നേരത്തെയുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ്. ആ കരാറിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഇത്ര ലക്ഷം ടൺ കൊടുക്കണമെന്ന് പറഞ്ഞപ്പോംത്തന്നെ കെ. എഫ്. ഡി. സി. എന്ന് പറഞ്ഞ് പുതിയ ഒരു സ്ഥാപനമുണ്ടാക്കി അവരുടെ നേതൃത്വത്തിൽ കൂടെ പ്ലാന്റ് ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനവും ഇതും തമ്മിൽ ബന്ധമില്ല. ഞാൻ ഇപ്പോം പറഞ്ഞ ഈ പദ്ധതിയനുസരിച്ച് നാല് ശതമാനമേയുള്ളു. മറ്റേ പ്രവർത്തനങ്ങളും ആ പദ്ധതിയും അതിന്റെ നിലവാരത്തിൽ നടന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജെ. ല്യൂക്കോസ്: ഗവൺമെന്റ് സ്ഥാപനങ്ങളുടെ കാടു പിടിച്ചുകിടക്കുന്ന പരിസരപ്രദേശങ്ങളിൽ ഈ സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായിട്ട് ഗാർഡനുണ്ടാക്കാൻ ശ്രദ്ധിക്കുമോ? അതു പോലെ ഡി. ആർ. ഡി. എ. യുടെ ആഭിമുഖ്യത്തിൽ ഫണ്ടുകൾ മുനിസിപ്പൽ പ്രദേശങ്ങളിൽ നൽകുകയില്ല എന്നുള്ള ആ ഉത്തരവ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അത് ഇന്ത്യാഗവൺമെന്റിന്റെ ഒരു നിർദ്ദേശമനുസരിച്ചുള്ള പ്രശ്നമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെതന്നെ വേണമെന്നാണ് ഞങ്ങളുടെ ആഗ്രഹവും. പക്ഷേ ഇന്ത്യാഗവൺമെന്റിന്റെ ഡയറക്ഷനാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: സാമൂഹ്യവനവൽക്കരണ പരിപാടിയനുസരിച്ച് കോടിക്കണക്കിനുരൂപ ചെലവഴിക്കാനാണല്ലോ നമ്മുടെ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതുപോലെത്തന്നെ വഴിവക്കിൽ വയ്ക്കുന്നതിനും മറ്റുമൊക്കെയായിട്ട് സന്നദ്ധ സംഘടനകൾമുഖേന ധാരാളം തൈകൾ വിതരണം ചെയ്തു. അത് വയ്ക്കുന്നതിനെക്കുറിച്ച് ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്തപ്പോൾ എത്രത്തോളം സംരക്ഷിക്കപ്പെടാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ഒരു സംവിധാനവുമില്ലെന്നാണ് പൊതുവെ ഉദ്യോഗസ്ഥൻമാരുടെ അഭിപ്രായം. വിതരണം ചെയ്യുന്ന തൈകളിൽ 10 ശതമാനമെങ്കിലും പൂർണ്ണമായി സംരക്ഷിക്കപ്പെടാൻ കഴിയുമോയെന്നുള്ള കാര്യം സംശയമാണ്. കോടിക്കണക്കിനുരൂപ മുടക്കി വനമുണ്ടാക്കാൻ ശ്രമിക്കുന്ന ഇത്തരമൊരു സാഹചര്യത്തിൽ നമ്മുടെ കേരളത്തിൽ ശാശ്വതമായി നിലനിൽക്കുന്ന വനം കയ്യേറുന്നതിനെ തടയുവാനും പുതിയ കയ്യേറ്റമില്ലാതിരിക്കാനും വനമുണ്ടാകണമെന്ന താൽപ്പര്യത്തോടുകൂടി നമ്മുടെ കേരളത്തിന്റെ വനാതിർത്തികൾക്ക് സംരക്ഷണം ലഭിക്കുന്ന രീതിയിൽ ബെൽറ്റു പോലെ സാമൂഹ്യവനവൽക്കരണ പരിപാടിയുടെ പ്രവർത്തനം പുനഃസംവിധാനം ചെയ്യുന്നതിനെക്കുറിച്ച് ഗവൺമെന്റിന് ആലോചിച്ചുകൂടെ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വനാതിർത്തികൾ ഭദ്രമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള അതിർത്തി പ്ലാന്റേഷനുകൾക്ക് വേറെ സ്കീം ഉണ്ട്. ഇവിടെ വിതരണം ചെയ്ത തൈകളുടെ കൂട്ടത്തിൽ അതിജീവ ശതമാനത്തെക്കുറിച്ചുള്ള പ്രശ്നത്തിൽ ഗവൺമെന്റ് സ്ഥലത്ത് വയ്ക്കുന്നതിനെ സംരക്ഷിക്കാനുള്ള സംവിധാനമുണ്ട്. പൊതുജനങ്ങൾക്ക് വിതരണംചെയ്യുന്ന തൈകൾ അവരുടെ പറമ്പുകളിൽ കൊണ്ടുപോയി വയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അതിന് പ്രത്യേകമായ സംവിധാനമുണ്ടാക്കാൻ ഗവൺമെന്റിന് സാദ്ധ്യമല്ല.

ശ്രീ. പി. സീതിഹാജി: ഈ വനവൽക്കരണ പരിപാടിയുടെ ഭാഗമായി ഗവൺമെന്റ് ഇലക്ട്രിക് ലൈനിന്റെ ചുവട്ടിൽ മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വിറകിനുപോലും കൊള്ളാത്ത മരങ്ങളാണ്, ചീനി, കൊന്ന തുടങ്ങിയ താണതരം മരങ്ങളാണ് വയ്ക്കുന്നത്. വളർന്ന് പന്തലിച്ചുകിടക്കുന്ന ഇത്തരം മരങ്ങൾ വച്ചതുകൊണ്ടുള്ള പ്രയോജനമെന്താണ്? ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള ഒരു പദ്ധതിപ്രകാരമാണിത് വയ്ക്കുന്നത്. എന്റെ നാട്ടിൽ മഞ്ചേരിക്ക് പോകുന്നവഴിയിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് വന്നാൽ കാണാൻകഴിയും. റോഡിന്റെ രണ്ടുഭാഗത്തും ലോറിക്കും ബസ്സിനും പോകാൻ കഴിയാത്ത വിധത്തിലാണ് മരങ്ങൾ വച്ചുപിടിപ്പിച്ചിരിക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: റോഡിന്റെ രണ്ട് ഭാഗത്തും വളരെ യധികം മരങ്ങൾ വളർന്ന് പന്തലിച്ചുനിൽക്കുന്നുവെന്നുപറഞ്ഞ കാര്യം വളരെ സന്തോഷമുള്ളതാണ്. തണൽവൃക്ഷങ്ങളും പൂമരങ്ങളും വച്ചു പിടിപ്പിക്കുന്നത് പ്രകൃതിഭംഗികൂടി കണക്കിലെടുത്തുകൊണ്ടാണ്. അതുംകൂടി ഇതിന്റെ ഉദ്ദേശത്തിൽപ്പെടും.

കശുവണ്ടി ഫാക്ടറികൾ

* 68[63] ശ്രീ. സി. കെ. തങ്കപ്പൻ:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ഹംസ:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-ൽ ഇതുവരെ സംസ്ഥാനത്തുള്ള വിവിധ കശുവണ്ടി ഫാക്ടറികളിലായി എത്ര ടൺ കശുവണ്ടി സംസ്ക്കരിക്കപ്പെട്ടിട്ടുണ്ട്;

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്ത ഫാക്ടറികൾ എത്ര; കാപ്പക്സ് ഏറ്റെടുത്ത ഫാക്ടറികൾ എത്ര;

(സി) കോർപ്പറേഷന്റെയും കാപ്പക്സിന്റെയും നിയന്ത്രണത്തിൽ എത്ര ഫാക്ടറികൾ വീതം പ്രവർത്തിക്കുന്നുണ്ട്; ഓരോന്നിലും ഉള്ള തൊഴിലാളികൾ എത്ര വീതം;

(ഡി) രണ്ടിലുംകൂടി പണിയെടുക്കുന്ന തൊഴിലാളികൾ മൊത്തം കശുവണ്ടി തൊഴിലാളികളുടെ എത്ര ശതമാനം വരും;

(ഇ) കോർപ്പറേഷനോ കാപ്പക്സോ ഇനിയും ഫാക്ടറികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര ഫാക്ടറികൾ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) 18,471 മെട്രിക് ടൺ.

(ബി) കശുവണ്ടിവികസനകോർപ്പറേഷൻ ഇതിനകം 34 കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്തിട്ടുണ്ട്. കാപ്പക്സ് 9 ഫാക്ടറികളും ഏറ്റെടുത്തിട്ടുണ്ട്.

(സി) കശുവണ്ടി വികസനകോർപ്പറേഷന്റെ നിയന്ത്രണത്തിൽ 34 ഫാക്ടറികളും കാപ്പക്സിന്റെ നിയന്ത്രണത്തിൽ 8 ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. ഓരോന്നിലുമുള്ള തൊഴിലാളികളുടെ എണ്ണമടങ്ങിയ ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.*

(ഡി) 21 ശതമാനം.

(ഇ, എഫ്) തോട്ടണ്ടിയുടെ ലഭ്യതയും സാമ്പത്തികപരിമിതിയും കണക്കിലെടുത്തുകൊണ്ട് അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ ഘട്ടംഘട്ടമായി സഹകരണമേഖലയിൽ ഏറ്റെടുക്കുന്നതാണ്. എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly